# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2229 — 20.06.2012-ലെ മറുപടിക്ക്

## പുതിയ സർക്കാർ മെഡിക്കൽ കോളേജുകൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. കെ. നാരായണൻ : | ശ്രീ. വി. എസ്. ശിവകുമാർ (ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) ഈ സർക്കാരിന്റെ ഒന്നാമത്തെ ബഡ്ജറ്റിൽ പുതിയ സർക്കാർ മെഡിക്കൽ കോളേജ് ആരംഭിക്കുന്ന കാര്യം പ്രഖ്യാപിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) ഉണ്ട്. |
| (ബി) ഉണ്ടെങ്കിൽ ആയത് ആരംഭിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ; വ്യക്തമാക്കാമോ ? | (ബി) പത്തനംതിട്ട ജില്ലയിലെ കോന്നി, ഇടുക്കി ജില്ലയിലെ ഇടുക്കി, മലപ്പുറം ജില്ലയിലെ മഞ്ചേരി, കാസർഗോഡ് ജില്ലയിലെ ബദിയടുക്ക, ആലപ്പുഴ ജില്ലയിലെ ഹരിപ്പാട് എന്നിവിടങ്ങളിൽ പുതിയ മെഡിക്കൽ കോളേജുകൾ ആരംഭിക്കാനാണ് സർക്കാർ തീരുമാനിച്ചിട്ടുള്ളത്. പുതിയ മെഡിക്കൽ കോളേജുകളുടെ പ്രവർത്തനങ്ങൾക്കായി ഒരു സ്പെഷ്യൽ ഓഫീസറെ നിയമിച്ചിട്ടുണ്ട്. സ്പെഷ്യൽ ഓഫീസർ നൽകിയ ഇടക്കാല റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ താഴെ പറയുന്ന തീരുമാനങ്ങൾ കൈക്കൊണ്ടിട്ടുണ്ട്.<br>1) റവന്യൂ വകുപ്പിന്റെ കീഴിലുള്ള കാസർഗോഡ് ബദിയടുക്കയിൽ സ്ഥിതിചെയ്യുന്ന 60 ഏക്കർ ഭൂമി ആരോഗ്യ വകുപ്പിന് കൈമാറുന്നതാണ്.<br>2) കാസർഗോഡ് മെഡിക്കൽ കോളേജിന്റെ നിർമ്മാണത്തിനായി പ്ലാന്റേഷൻ കോർപ്പറേഷൻ 50 കോടി രൂപ സംഭാവന ചെയ്യുന്നതാണ്. |

3) കോന്നിയിൽ സ്ഥാപിക്കുന്ന മെഡിക്കൽ കോളേജിന്റെ പദ്ധതി നടത്തിപ്പ് HLL നെ ഏൽപ്പിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്.
4) മലപ്പുറത്ത് മെഡിക്കൽ കോളേജ് സ്ഥാപിക്കുന്നതിനായി മഞ്ചേരി ജില്ലാ ആശുപത്രിയ്ക്ക് സമീപമുള്ള 6 ഏക്കർ ഭൂമി ഏറ്റെടുക്കുന്നതാണ്.
5) ഇടുക്കി ജില്ലാ പഞ്ചായത്തിന്റെ നിയന്ത്രണത്തിലുള്ള ജില്ലാ ആശുപത്രിയും അത് സ്ഥിതി ചെയ്യുന്ന 40 ഏക്കർ ഭൂമിയും അനുബന്ധ കെട്ടിടങ്ങളും കൈമാറ്റം ചെയ്യുന്നതാണ്.
6) ഒന്നാംവർഷ പദ്ധതി നടത്തിപ്പിനാവശ്യമായ തസ്തികകളുടെ രൂപീകരണത്തിനായി മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ ശുപാർശ സമർപ്പിക്കുന്നതാണ്.
7) ഇടുക്കി, കാസർഗോഡ്, പത്തനംതിട്ട ജില്ലകളിലെ മെഡിക്കൽ കോളേജുകൾക്കായി 300 കിടക്കകളുള്ള പുതിയ ആശുപത്രികൾ സ്ഥാപിക്കുന്നതാണ്.
8) നിർദ്ദിഷ്ട മെഡിക്കൽ കോളേജുകളുടെ ഭരണ നിയന്ത്രണം മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർക്കായിരിക്കും. പുതിയ മെഡിക്കൽ കോളേജുകളുടെ പദ്ധതി നടത്തിപ്പിനും മേൽനോട്ടത്തിനുമായി ബന്ധപ്പെട്ട ജില്ലാ കളക്ടർമാരുടെ നേതൃത്വത്തിൽ അതാത് പ്രദേശത്തെ എം.പി., എം.എൽ.എ., ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് , ജില്ലാ മെഡിക്കൽ ഓഫീസർ, പി.ഡബ്ല്യു.ഡി. എക്സിക്യൂട്ടീവ് എഞ്ചിനീയർ, കളക്ടറേറ്റിലെ ഫിനാൻസ് ഓഫീസർ എന്നിവർ അംഗങ്ങളായും അതാത് കോളേജിലെ പ്രിൻസിപ്പാൾ/ സ്പെഷ്യൽ ഓഫീസർ കൺവീനറായും ഉള്ള ഒരു കമ്മിറ്റി രൂപീകരിക്കുന്നതിനും തീരുമാനിച്ചിട്ടുണ്ട്.

ആലപ്പുഴ ജില്ലയിലെ ഹരിപ്പാട് ആരംഭിക്കുന്ന മെഡിക്കൽ കോളേജ് പൊതു സ്വകാര്യ പങ്കാളിത്തത്തോടെയാണ് (PPP)സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നത്. കായംകുളം എൻ.റ്റി.പി.സി.യുടെ നിയന്ത്രണത്തിലുള്ള 25 ഏക്കർ ഭൂമി സൗജന്യമായി വിട്ടുനൽകുന്നതിലേക്കായി NTPC യെ സമീപിച്ചിട്ടുണ്ട്.

പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പിന്റെ കീഴിൽ പാലക്കാട് ജില്ലയിൽ ഒരു മെഡിക്കൽ കോളേജ് സ്ഥാപിക്കാനും തീരുമാനിച്ചിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**